## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1887

11.02.2020-ൽ മറുപടിക്ക്

## സർക്കാർ സർവ്വീസിൽ വനിതാ ഡ്രൈവർമാർ

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വനിതകളെ ഡ്രൈവർമാരായി നിയമിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | 23/08/2019-ലെ സ.ഉ.(സാധാ.) നം.526/2019/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും വനിതകളെ ഡ്രൈവർമാരായി നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ആയതിന്റെ നിയമന ചട്ട ഭേദഗതികൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ? | (ബി) | വിവിധ വകുപ്പുകളിലെ ഡ്രൈവർ തസ്തികകളിലേയ്ക്കുള്ള വിശേഷാൽ ചട്ടത്തിൽ ചട്ടം 5 ആയി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളിൽ വനിതകളെ അയോഗ്യരാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല. ടി സാഹചര്യത്തിൽ, ഇതു സംബന്ധിച്ച് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ